**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 20.03.2025

# ലൈസൻസിനായി കൈക്കൂലി:- ക്ലീൻ സിറ്റി മാനേജർ വിജിലൻസ് പിടിയിൽ.

"ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്"-ന്റെ ഭാഗമായി കോഴിക്കോട് വിജിലൻസ് യൂണിറ്റ് ഒരുക്കിയ കെണിയിൽ കോഴിക്കോട് ജില്ല ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജർ ആയ രാജീവ് ഇ. കെ, മിനറൽ വാട്ടർ ഏജൻസി തുടങ്ങുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിന് 2,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന്(20.03.2025) വിജിലൻസ് പിടികൂടി.

കോഴിക്കോട് കൊളത്തറ സ്വദേശിയായ പരാതിക്കാരൻ പുതുതായി തുടങ്ങുന്ന മിനറൽ വാട്ടർ ഏജൻസിയുടെ ലൈസൻസിനായി ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ അപാകത ഉണ്ടെന്ന് കാണിച്ച് ഒരു പ്രാവശ്യം അപേക്ഷ മടക്കിയരുന്നു. തുടർന്ന് വീണ്ടും അപേക്ഷ സമർപ്പിക്കുകയും, ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജർ ആയ രാജീവ്, 14.03.2025 തീയതി പരാതിക്കാരനെ ഫോണിൽ വിളിച്ച ശേഷം സ്ഥല പരിശോധനക്കായി എത്തി. ബിൽഡിങിന്റെ പ്ലാനിൽ ചില പ്രശ്നങ്ങൾ ഉള്ളതിനാൽ ലൈസൻസ് അനുവദിക്കാൻ ബുദ്ധിമുട്ടാണെന്നും, 3000/- രൂപ കൊടുത്താൽ ലൈസൻസ് ശരിയാക്കി നൽകാമെന്നും രാജീവ് പറഞ്ഞു. ആ സമയം പരാതിക്കാരന്റെ കൈവശം ഉണ്ടായിരുന്ന 1000/- രൂപ കൈക്കൂലിയായി വാങ്ങിച്ചെടുത്ത ശേഷം ബാക്കി 2000/- രൂപ ഓഫീസിൽ എത്തിക്കണമെന്ന് പറഞ്ഞിട്ട് രാജീവ് തിരികെ പോയി. 18.03.2025 തീയതി പരാതിക്കാരൻ രാജീവിനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ 2000/- രൂപയുമായി ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ഓഫീസിൽ എത്താനും, റവന്യൂ ഇൻസ്പെക്ടറുമായി ചേർന്ന് എല്ലാം ശരിയാക്കാമെന്നും പറഞ്ഞു. തുടർന്ന് പരാതിക്കാരൻ ഈ വിവരം കോഴിക്കോട് വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (20.03.2025) ഉച്ചക്ക് 02.45 മണിക്ക് ഫറോക്ക് ബസ് സ്റ്റാൻഡിന്റെ സമീപത്തുള്ള ഓട്ടോ സ്റ്റാൻഡിന്റെ മുന്നിൽ വച്ച് പരാതിക്കാരനിൽ നിന്നും 2000/- രൂപ കൈക്കൂലി വാങ്ങവേ ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജർ രാജീവ് ഇ.കെ യെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീക്ഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.